"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E4-38666/14. തീയതി: 2-3-2015

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(പി)നം.1/2014/ഉ.ഭ.പ.വ തീയതി: 03.01.2014.
2. സ.ഉ(പി) നം.21/2014/ഉ.ഭ.പ.വ തീയതി: 19.07.2014.
3. സാ.നീ.ഡയറക്ടറുടെ 17.12.14ലെ ഇ4/38666/14 നം. നടപടിക്രമം.
4. സാ.നീ.ഡയറക്ടറുടെ 19.11.2014-ലെ ഇ9/3400/14(5), ഇ9/3400/(11) നം. നടപടിക്രമങ്ങൾ.

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നിയമനം നടത്തുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജില്ലാതല cadre strength-ഉം, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ നിയമനത്തിനായി ജില്ലാതലത്തിൽ ക്ലാർക്ക് തസ്തികയുടെ 10 ശതമാനം എണ്ണവും നിജപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

വകുപ്പിലെ നിലവിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവുള്ള കോട്ടയം, കോഴിക്കോട് ജില്ലകളിൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ക്ലാർസ് IV ജീവനക്കാർക്ക് ബൈട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

**പട്ടിക - I**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | ജില്ല, സീനിയോറ്റി ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| 1. | ശ്രീ. എൻ.ജി.ബിജുമോൻ<br>ഓഫീസ് അറ്റൻഡന്റ് | കോട്ടയം<br>1. (E9/3400/14(5) dtd.19.11.14 |
| 2. | ശ്രീ.സി.ഗോപാലൻ<br>ഓഫീസ് അറ്റൻഡന്റ് | കോഴിക്കോട്<br>1. (E9/3400/14(ii) dtd: 19.11.14 |

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ തസ്തികമാറ്റം നൽകുമ്പോൾ അവരുടെ സീനിയോറിറ്റി കണക്കാക്കുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ജീവനക്കാർക്ക് KS &SSR ചട്ടം 31 (a)(i) പ്രകാരം ചുവടെ ചേർക്കും കാര്യാലയങ്ങളിൽ 9940-16580 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ താത്കാലിക തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>പട്ടിക - 2</u>

| ക്രമ നം. | പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | തസ്തികമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം ജില്ല | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ. എൻ.ജി.ബിജുമോൻ, ഓഫീസ് അറ്റൻഡന്റ്, ഗവ. ചിൽഡ്രൻസ് ഹോം, കോട്ടയം | ക്ലാർക്ക്, ഐ.സി.ഡി.എസ്, പള്ളം കോട്ടയം. | തസ്തികമാറ്റ നിയമനം |
| 2. | ശ്രീ.സി.ഗോപാലൻ ഓഫീസ് അറ്റൻഡന്റ് ഐ.സി.ഡി.എസ്, പേരാമ്പ്ര | ക്ലാർക്ക് ICDS കോഴിക്കോട് റൂറൽ കോഴിക്കോട്. | തസ്തികമാറ്റ നിയമനം |

തസ്തികമാറ്റം ലഭിച്ച ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം കാര്യാലയ മേധാവി യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

തസ്തികമാറ്റം ലഭിച്ച ജീവനക്കാരുടെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലെ സീനിയോറിറ്റി ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
4. ഇ1 മുതൽ ഇ13 സീററുകളിൽ.
5. സെക്ഷൻ /സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

db@14